**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.660**

**29.06.2015 ൽ മറുപടിയ്ക്ക്**

## യുവാക്കളെ ലഹരി മരുന്നിൽ നിന്നും മുക്തമാക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ. കെ.എൻ.എ. ഖാദർ :**

**മറുപടി**

**ശ്രീമതി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് ചെറുപ്പക്കാരിൽ മദ്യപാനശീലവും പുകയില ഉല്പന്നങ്ങൾ മറ്റ് ലഹരി മരുന്നുകൾ എന്നിവയുടെ ഉപയോഗവും വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും സംസ്ഥാന യുവജനകാര്യ വകുപ്പ് എന്തെല്ലാം ചെയ്യുന്നുണ്ട് ;

(സി) ലഹരി മരുന്നുകൾക്ക് അടിമകളായ ചെറുപ്പക്കാരെ അതിൽ നിന്നും മോചിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ വകുപ്പിന് കീഴിൽ നിലവിലുണ്ട് ;

(ബി) & (സി) യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി 2014-15 വർഷത്തെ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനകമ്മീഷൻ 'യൂത്ത് ഡിഫൻസ് ഫോഴ്സ്' എന്ന പേരിൽ യുവാക്കളിൽ നിന്നും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കൂടാതെ മദ്യം, മയക്കമരുന്ന് ,പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ദൂഷ്യഫലങ്ങളെ കറിച്ച് യുവാക്കളെ ബോധവാന്മാരാക്കുന്നതിനായി യൂത്ത് ക്ലബ്ബുകൾ വഴി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാന എക്സൈസ് വകുപ്പിന്റെയും നാഷണൽ സർവ്വീസ് സ്കീമിന്റെയും സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടു നിൽക്കുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ കലാജാഥ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കലാജാഥയുടെ ഭാഗമായി ലഹരിക്കെതിരെയുള്ള സിനിമയായ 'മിസ് ഫിറ്റിന്റെ' പ്രദർശനവും, തെരുവ് നാടക

പ്രദർശനവും, ലഘുലേഖ വിതരണവും ഇതോടൊപ്പം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ എല്ലാ ജില്ലകളിലും ഇവ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള സംസ്ഥാന യൂത്ത് കമ്മീഷനുമായി ചേർന്ന് 'ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ്' എന്ന ക്യാമ്പയിനും സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| (ഡി) ഇത്തരത്തിലുള്ള യുവാക്കളെ ലഹരി മരുന്നിന്റെ ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്വാഭാവിക ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനും ഡീ-അഡിക്ഷൻ സെന്ററുകൾ ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഇല്ല. പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ